**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 07.11.2025**

## പ്രധാനവാർത്തകൾ

1. ദേശീയഗീതമായ വന്ദേ മാതരത്തിൻ്റെ 150-ാം വാർഷികാഘോഷങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു. വർത്തമാനകാലത്തെ ആത്മവിശ്വാസത്തിൻ്റെ പ്രതീകമാണ് വന്ദേ മാതരമെന്ന് പ്രധാനമന്ത്രി; സംസ്ഥാനത്തും വിപുലമായ പരിപാടികൾ.

2. രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ തെരുവ് നായകൾ പ്രവേശിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന് സുപ്രീംകോടതി.

RNU TVPM

3. എറണാകുളം- ബെംഗളൂരു ഉൾപ്പടെ നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഫ്ലാഗ് ഓഫ് ചെയ്യും.

4. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് പാലക്കാട് തുടക്കമായി.

5. ട്രെയിനുകളിൽ സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഓപ്പറേഷൻ രക്ഷിത ഊർജിതമാക്കി കേരള പോലീസ്.

6. സംസ്ഥാനത്ത് നാളെ മുതൽ വ്യാപക മഴയ്ക്ക് സാധ്യത; പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത.

*******************************************

## പി.എം - വന്ദേ മാതരം (ഇൻട്രോ)

ദേശീയ ഗീതമായ വന്ദേ മാതരം വർത്തമാനകാലത്തെ ആത്മവിശ്വാസത്തിൻറെ പ്രതീകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദേശീയ ഗീതമായ വന്ദേമാതരത്തിൻ്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന ആഘോഷ പരിപാടി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്)

വന്ദേമാതരത്തിൻറെ സ്മരണിക സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി ചടങ്ങിൽ പുറത്തിറക്കി. പൗരന്മാർക്ക് ദേശീയ ഗീതം ആലപിക്കുന്നതിന്റെ വീഡിയോകൾ അപ്‌ലോഡ് ചെയ്ത് സർട്ടിഫിക്കറ്റ് നേടാൻ സാധിക്കുന്ന പോർട്ടലും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

RNUTVPM

*******************************************

## വന്ദേ മാതരം - കേരളം

സംസ്ഥാനത്തും വിപുലമായ പരിപാടികളോടെ വന്ദേ മാതരത്തിൻറെ 150 -ാം വാർഷിക ആഘോഷങ്ങൾ നടന്നു. പൊതുസ്ഥലങ്ങളിലും, കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻ്റെ നേതൃത്വത്തിൽ വിവിധ സർക്കാർ സ്ഥാപനങ്ങളിലും "വന്ദേമാതരം" കൂട്ടത്തോടെ ആലപിച്ചു.

ബിജെപിയുടെ നേതൃത്തിൽ തിരുവനന്തപുരത്ത് നടന്ന സംസ്ഥാന തല പരിപാടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യു. തിരുവനന്തപുരം കഴക്കൂട്ടം സൈനിക സ്കൂളിലും കണ്ണൂർ പി എം ശ്രീ കേന്ദ്രിയ വിദ്യാലയയിലും കൊല്ലം കുരീപ്പുഴ പുതിയകാവ് സെൻഡ്രൽ സ്കൂളിലും വന്ദേമാതരം ആലാപനം നടന്നു. കോഴിക്കോട് ഈസ്റ്റ് ഹിൽ കേന്ദ്രീയ വിദ്യാലയത്തിൽ നടന്ന ആലാപനചടങ്ങിൽ സ്കൂൾ വിദ്യാർഥികൾക്കൊപ്പം മേരാ യുവ ഭാരത് പ്രതിനിധികളും പങ്കെടുത്തു.

*******************************************

## ലക്ഷദ്വീപ് - വന്ദേ മാതരം

ലക്ഷദ്വീപിലും വന്ദേ മാതരത്തിൻ്റെ 150-ാം വർഷികത്തോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ നടന്നു. കവരത്തി ദ്വീപിൽ സെക്രട്ടറിയേറ്റിൽ നടന്ന പരിപാടിയിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് ഡോ. ദീപക് കുമാർ മുഖ്യാതിഥിയായി. മറ്റ് ദ്വീപുകളിലും ഓഫിസുകൾ കേന്ദ്രികരിച്ചും പരിപാടികൾ സംഘടിപ്പിച്ചു.

RNU TVPM

*******************************************

## സുപ്രീംകോടതി

രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ തെരുവ് നായകൾ പ്രവേശിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന് സുപ്രീംകോടതി. തെരുവ് നായ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് സ്വമേധയ എടുത്ത കേസിലാണ് ഉത്തരവ്. ഇത്തരം ഇടങ്ങളിൽ കഴിയുന്ന തെരുവുനായകളെ മാറ്റുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്ഥാപനങ്ങൾക്കാണെന്നും കോടതി

വ്യക്തമാക്കി. പിടികൂടുന്ന തെരുവ് നായകളെ വന്ധ്യംകരിച്ച് ഷെൽറ്റ കേന്ദ്രങ്ങളിലേക്ക് മാറ്റണം. പിടികൂടിയ സ്ഥലത്ത് തന്നെ അവയെ വീണ്ടും തുറന്നു വിടരുതെന്നും പരമോന്നത കോടതി ഉത്തരവിട്ടു.

******************************************

## മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ ഏകദേശം 19 ലക്ഷത്തി 37,431 പേർക്ക് എന്യുമറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. എന്യൂമറേഷൻ ഫോം വിതരണത്തിൻ്റെ വേഗത വർദ്ധിപ്പിക്കുന്നതിന് രാത്രിയിലും ബി എൽ ഒ മാർ വീട്ടിലെത്തുന്ന " Night out with BLO- Democracy Never Sleeps എന്ന ക്യാമ്പയിൻ ആരംഭിച്ചതായും അദ്ദേഹം അറിയിച്ചു.

RNU TVPM

******************************************

## ഓപ്പറേഷൻ രക്ഷിത പദ്ധതി (ഇൻട്രോ)

സ്ത്രീകൾ ഉൾപ്പെടെയുള്ള ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി '**ഓപ്പറേഷൻ രക്ഷിത**' പദ്ധതിയുമായി കേരള പൊലീസ്. റയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. വർക്കലയിൽ ട്രെയിനിൽ നിന്ന് യുവതിയെ തള്ളിയിട്ട സംഭവത്തിന് പിന്നാലെയാണ് നടപടി.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്)**

******************************************

## ശബരിമല - അറസ്റ്റ്

ശബരിമല സ്വർണപ്പാളിക്കേസിൽ മുൻ തിരുവാഭരണ കമ്മീഷണർ കെ.എസ്. ബൈജു അറസ്റ്റിൽ. കേസിലെ ഏഴാം പ്രതിയായ ഇയാളെ തിരുവനന്തപുരത്തെ ഫ്ലാറ്റിൽ നിന്നാണ് പ്രത്യേക അന്വേഷണ സംഘം കസ്റ്റഡിയിലെടുത്തത്.

റാന്നി

കോടതിയിൽ ബൈജുവിനെ ഇന്ന് ഹാജരാക്കിയേക്കും. ഇതോടെ ശബരിമല സ്വർണപ്പാളിക്കേസിൽ കേസിൽ അറസ്റ്റിലായവരുടെ എണ്ണം നാലായി.

******************************************

RNU TVPM

## മെഡിക്കൽ കോളേജ് -തിരുവനന്തപുരം

തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സ ലഭിക്കാതെ രോഗി മരിച്ചെന്ന ആരോപണം ആരോഗ്യ സംവിധാനം തകർന്നതിൻ്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. എല്ലാ മെഡിക്കൽ കോളേജുകളിലും ഇത് നിരന്തരം സംഭവിച്ചു കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് ആരോപിച്ചു. അതേസമയം, പ്രോട്ടോക്കോൾ അനുസരിച്ചുള്ള എല്ലാ ചികിത്സയും രോഗിക്ക് നൽകിയിരുന്നതായി മെഡിക്കൽ കോളേജിലെ ഡോക്ടർമാർ വ്യക്തമാക്കി.

******************************************

## പന്നിപ്പനി- കോഴിക്കോട്

കോഴിക്കോട് കോടഞ്ചേരി മുണ്ടൂരിൽ ഒരു ഫാമിൽ ആഫ്രിക്കൻ പന്നി പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് നിയന്ത്രണം ശക്തമാക്കി. ഫാം സ്ഥിതി ചെയ്യുന്ന പ്രദേശത്തിൻ്റെ ഒരു കിലോമീറ്റർ ചുറ്റളവിലാണ് നിയന്ത്രണം. നിലവിൽ സ്ഥിതി നിയന്ത്രണ വിധേയമാണെന്ന് അധികൃതർ അറിയിച്ചു.

*****************************************

## ദേശീയ കാൻസർ അവബോധ ദിനം

ഇന്ന് ദേശീയ കാൻസർ അവബോധ ദിനം. അർബുദത്തെകുറിച്ചുള്ള പൊതു അവബോധം വളർത്തുക, നേരത്തെയുള്ള രോഗ നിർണയം, എന്നിവയാണ് ദിനാചരണത്തിൻറെ ലക്ഷ്യം.

*****************************************

PNU TVPM

## പ്രധാനമന്ത്രി - വാരാണസി

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ എറണാകുളം- ബെംഗളൂരു റൂട്ട് ഉൾപ്പടെയുള്ള നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്യും. എറണാകുളം-ബെംഗളൂരു കൂടാതെ ബനാറസ്-ഖജുരാഹോ, ലഖ്നൗ-സഹരൻപൂർ, ഫിറോസ്പൂർ-ഡൽഹി വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളാണ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുക. എറണാകുളത്ത് നിന്നും ബെംഗളൂരു വരെയുള്ള യാത്ര സമയം 2 മണിക്കൂറിൽ അധികമാണ് കുറയുക.

*****************************************

## ശാസ്ത്രോത്സവം

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് പാലക്കാട് തുടക്കമായി. പൊതുവിദ്യാഭ്യാസ ഡയറക്ടർ,

ഉമേഷ് എൻ എസ് കെ മേളയുടെ പതാക ഉയർത്തി. ഔദ്യോഗിക ഉത്ഘാടനം മന്ത്രി വി ശിവൻകുട്ടി വൈകിട്ട് നിർവഹിക്കും. നഗരത്തിലെ 6 സ്കൂളുകളിലായാണ് മത്സരങ്ങൾ നടക്കുന്നത്. 14 ജില്ലകളിൽ നിന്നായി 8,500-ൽ അധികം ശാസ്ത്ര പ്രതിഭകൾ നാല് ദിവസത്തെ ശാസ്ത്രോത്സവത്തിൽ പങ്കെടുക്കും.

*******************************************

## പാലക്കാട് (ഇൻട്രോ)

കേന്ദ്ര സർക്കാരിൻറെ കൃഷിയോന്നതി യോജനയുടെ ഭാഗമായി നടപ്പാക്കുന്ന നാഷണൽ ഫുഡ് സെക്യൂരിറ്റി ന്യൂട്രീഷൻ മിഷൻ പദ്ധതിയ്ക്ക് പാലക്കാട് പട്ടിത്തറ ഗ്രാമ പഞ്ചായത്തിൽ തുടക്കമായി. മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**

(വോയിസ്)

*******************************************

## മഴ

സംസ്ഥാനത്ത് നാളെ മുതൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മറ്റെന്നാൾ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

PIUTVPM

കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല.

*******************************************

## മണ്ണാറശാല ആയില്യം (ഇൻട്രോ)

മണ്ണാറശ്ശാല നാഗരാജ ക്ഷേത്രത്തിലെ ആയില്യം മഹോത്സവത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. വൻ ഭക്തജനത്തിരക്കാണ് ക്ഷേത്രത്തിൽ അനുഭവപ്പെടുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവികുമാർ..**

(വോയിസ്)

*******************************************

## സൈനിക് സ്കൂൾ

സൈനിക് സ്കൂളുകളിൽ അടുത്ത അധ്യയന വർഷത്തേക്കുള്ള ആറ്, ഒൻപത് ക്ലാസുകളിലേക്ക് പ്രവേശന പരീക്ഷയ്ക്ക് മറ്റന്നാൾ വരെ അപേക്ഷിക്കാം. നാഷണൽ ടെസ്റ്റിങ് ഏജൻസി നടത്തുന്ന പരീക്ഷയ്ക്ക് ഓൺലൈനായിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ജനുവരി 18-നാണ് പ്രവേശന പരീക്ഷ.

*******************************************

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരളയിൽ കണ്ണൂർ വാരിയേഴ്സ് എഫ്സിയും തൃശ്ശൂർ മാജിക് എഫ്സിയും തമ്മിൽ ഇന്ന് ഏറ്റുമുട്ടും. കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം. നിലവിൽ നാല് മത്സരങ്ങളിൽ നിന്ന് കണ്ണൂർ വാരിയേഴ്സ് എട്ട് പോയിന്റ് നേടിയിട്ടുണ്ട്. തൃശൂർ മാജിക് എഫ്സിക്ക് ഒമ്പത് പോയിന്റ് സ്വന്താമാക്കിയിട്ടുണ്ട്.

PIU TVPM

******************************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 466 പോയിന്റ് താഴ്ന്ന് 82,830 ലും, നിഫ്റ്റി 134 പോയിന്റ് കുറഞ്ഞു 25,375 ലും വ്യാപാരം തുടരുന്നു.

സ്വർണ വിലയിൽ ഇടിവ്. പവന് 400 രൂപ കുറഞ്ഞ് 89,480 രൂപയും ഗ്രാമിന് 11,185 രൂപയുമാണ് ഇന്നത്തെ വില.

******************************************

## മുഖ്യമന്ത്രി - കുവൈറ്റ്

മുഖ്യമന്ത്രി പിണറായി വിജയൻറെ കുവൈത്ത് സന്ദർശനം തുടരുന്നു. ഇന്ന് കുവൈത്തിലെ മലയാളികളെ അദ്ദേഹം അഭിസംബോധന ചെയ്യും. കുവൈറ്റ് മൻസുരായിലെ അൽ അറബി ഇൻഡോർ സ്റ്റേഡിയത്തിലാണ് പരിപാടി. കുവൈത്ത് ഉപപ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി ഇന്നലെ കൂടിക്കാഴ്ച നടത്തിയിരുന്നു. വിവിധ മേഖലകളിലെ നിക്ഷേപ സാദ്ധ്യതകൾ വിലയിരുത്തുന്നതിനായി പ്രതിനിധി സംഘം കേരളം സന്ദർശിക്കുമെന്ന് കുവൈത്ത് ഉപപ്രധാനമന്ത്രി മുഖ്യമന്ത്രിയെ അറിയിച്ചു.

RNU TVPM

**********************************************************************

************************************************